ഖുത്വ്ബ
23.4.2004
ബൈത്തുൽ ഫുത്തൂഹ്
ലണ്ടൻ

# വീടും പരിസരവും ശുചീകരിക്കൽ സത്യവിശ്വാസിയുടെ കടമയാണ്.

ഇസ്‌ലാം തികവുറ്റതും പരിപൂർണ്ണവുമായ ഒരു മതമാണ്. പ്രത്യക്ഷത്തിൽ അതിനിസ്സാരമെന്ന് കാണുന്ന കാര്യങ്ങളെക്കുറിച്ചുപോലും അതിൽ കൽപ്പനകളുണ്ട്. ആ നിസ്സാരമായ കാര്യങ്ങൾ മനുഷ്യന്റെ വ്യക്തിത്വത്തെ വാർത്തെടുക്കുന്നതിനും ജീവിതരീതിയെ ക്രമപ്പെടുത്തുന്നതിനും കാരണമാകാറുണ്ട്. ഇതു മുഖേന പ്രത്യക്ഷമായ നിലയിലും മനുഷ്യന്റെ സ്വഭാവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതാണ്. മുഅ്മിൻ അഥവാ സത്യവിശ്വാസിയാണെങ്കിൽ അല്ലാഹുവുമായിട്ടുള്ള അയാളുടെ ബന്ധത്തെക്കുറിച്ചും അറിയാൻ കഴിയും. അത്തരം കാര്യങ്ങളിൽ ഒന്നാണ് ശുചിത്വം. അല്ലെങ്കിൽ പരിശുദ്ധി. അല്ലെങ്കിൽ പവിത്രത.

ഒരു മുഅ്മിനിൽ അഥവാ സത്യവിശ്വാസിയിൽ ഇതു ഉണ്ടായിരിക്കേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്. കാരണം അല്ലാഹുവിന് പരുശുദ്ധിയും ശുചിത്വവും വളരെ ഇഷ്ടമാണ് പരിശുദ്ധിയോടും വെടിപ്പോടും കൂടി ഇരിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. അവൻ പറയുന്നു:

***ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന***
***വയുഹിബ്ബുൽ മുത്വതഹ്ഹിരീൻ***

നിശ്ചയമായും അല്ലാഹു പശ്ചാത്തപിക്കുന്നവരേയും പരിശുദ്ധി കൈവരിക്കുന്നവരെയും സ്നേഹിക്കുന്നു. (2:223)

പക്ഷെ, ഈ വചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഒരു കാര്യം വ്യക്തമായും മനസ്സിലാക്കി യിരിക്കേണ്ടതാണ്. അതായത് തൗബയും ഇസ്തിഗ്ഫാറും കൊണ്ട് (പശ്ചാത്താപവും പാപപൊറുതിതേടലും കൊണ്ട്) ബാഹ്യമായ പരിശുദ്ധി പാലിക്കുന്നതോടൊപ്പം ആന്തരീകമായ പരിശുദ്ധി ആർജിക്കാനുമുള്ള ഏർപ്പാടു ചെയ്യുമ്പോഴാണ് അല്ലാഹുവിന്റെ യഥാർത്ഥ പ്രിയപ്പെട്ടവനായി മനുഷ്യൻ മാറുന്നത്. വിശ്വാസിയാണെന്നുള്ള നമ്മുടെ വാദത്തോടൊപ്പം നമ്മളിൽ ഓരോ അഹ്മദിയുടേയും ആത്മാവും ശരീരവും അല്ലാഹുവിന്റെ സ്നേഹത്തെ വലിച്ചടുപ്പിക്കുന്നതായി തീരുന്നതിനു വേണ്ടി, ബാഹ്യവും ആന്തരീകവുമായ ശുചിത്വത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്.

സയ്യിദുനാ ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: "തൗബചെയ്തു മടങ്ങുന്നവരെ അല്ലാഹു സുഹൃത്താക്കുന്നു എന്നതിൽ ഒരു സംശയവുമില്ല. പരിശുദ്ധിയാർജിക്കാനാഗ്രഹിക്കുന്ന ഇവരെ അവൻ സ്നേഹിക്കുന്നു. ഈ വചനത്തിൽ അടങ്ങിയിട്ടുള്ളത് തൗബചെയ്തു മടങ്ങുന്നവരെ അല്ലാഹു തന്റെ പ്രിയപ്പെട്ടവരാക്കുന്നു എന്നുമാത്രമല്ല പ്രത്യുത യഥാർത്ഥ പശ്ചാത്താപത്തോടൊപ്പം യഥാർത്ഥ പരിശുദ്ധിയും ഉണ്ടാകണമെന്ന നിബന്ധനയുണ്ടെന്നും മനസ്സിലാകുന്നു. എല്ലാതരത്തിലുള്ള മാലിന്യങ്ങളിൽ നിന്നും അഴുക്കുകളിൽ നിന്നും വേറിട്ടു നിൽക്കുന്നത് അത്യാവശ്യമാണ്. ഇല്ലെങ്കിൽ കേവല പശ്ചാത്താപമോ വാക്കുകളുടെ ആവർത്തനമോ കൊണ്ട് ഒരു ഫലവുമില്ല."

വീണ്ടും അവിടന്ന് പറയുന്നു: "ആന്തരീകവും ബാഹ്യവുമായ പരിശുദ്ധി അന്വേഷിക്കുന്നവരുമായി ഞാൻ കൂട്ടുകൂടുന്നു. ബാഹ്യമായ പരിശുദ്ധി ആന്തരീകമായ പരിശുദ്ധിയുടെ സഹായിയും കൂട്ടുകാരനുമാണ്. മനുഷ്യൻ ശുചീകരണം നടത്തുന്നില്ലെങ്കിൽ, മലമൂത്ര വിസർജനം ചെയ്തിട്ട് ശുദ്ധിയാക്കുന്നില്ലെങ്കിൽ ആന്തരീകമായ പരിശുദ്ധി അടുത്തുപോലും വരികയില്ല. അതുകൊണ്ട് ബാഹ്യമായ പരിശുദ്ധി ആന്തരീകമായ പരിശുദ്ധിക്ക് മാറ്റുകൂട്ടുന്നതാണ് എന്നകാര്യം ഓർക്കുക. കുറഞ്ഞപക്ഷം ജുമുആ ദിവസം കുളിക്കുകയും, ഓരോ നമസ്ക്കാരത്തിനും വുളു ചെയ്യുകയും, ജമാഅത്തായിട്ട് നമസ്കരിക്കുകയും, സുഗന്ധം പൂശുകയും ചെയ്യുക എന്നത് നിർബന്ധമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് പെരുന്നാൾ ദിവസങ്ങളിലും ജുമുആ ദിവസവും സുഗന്ധം പൂശാനുള്ള കൽപ്പന നിലനിൽക്കുന്നത്. കാരണമെന്താണെന്നുവെച്ചാൽ ആളുകൾ ഒരുമിച്ചുകൂടുമ്പോൾ നാറ്റം ഉണ്ടാകാനിടയുണ്ട്. കുളിക്കുകയും വൃത്തിയുള്ള വസ്ത്രം ധരിക്കുകയും സുഗന്ധം പൂശുകയും ചെയ്യുമ്പോൾ ദുർഗന്ധവും നാറ്റവും തടയപ്പെടും. അല്ലാഹു തആലാ ഈ ജീവിതത്തിൽ ഇങ്ങനെ നിശ്ചയിച്ചിട്ടുള്ളതുപോലെ മരണത്തിനു ശേഷവും ഇതേ രീതിയിലുള്ള നിയമം വെച്ചിരിക്കുന്നു."

ശുചിത്വത്തെകുറിച്ച് പ്രതിപാദിക്കുന്ന ചില ഹദീസുകൾ ഇനി പറയാം.

ഹസ്റത്ത് അബുമൂസാ അശ്അരി(റ)

നിവേദനം ചെയ്യുന്നു, നബി(സ) തിരുമേനി പറഞ്ഞു:

***അത്തഹൂറു ശത്റുൽ ഈമാനീ***

അതായത് പരിശുദ്ധി, ശുചിത്വം, വെടിപ്പോടെ ഇരിക്കൽ എന്നത് ഈമാനിന്റെ ഒരു ഭാഗമാണ്.

ഹസ്രത്ത് അബൂമാലിക്ക് അശ്അരി(റ) നിവേദനം ചെയ്യുന്നു, നബി (സ) തിരുമേനി പറഞ്ഞു: ശുദ്ധി കൈകൊള്ളുക എന്നത് വിശ്വാസത്തിന്റെ നേർപകുതിയാകുന്നു.

നോക്കുക, പരിശുദ്ധിയെക്കുറിച്ച് ശ്രദ്ധിക്കേണ്ടത് സത്യവിശ്വാസിക്ക് എത്രമാത്രം നിർബന്ധമായ കാര്യമാണ്. ഈ ഹദീസ് മിക്ക മുസ്‌ലീംകൾക്കും മനപ്പാഠമാണ്. എപ്പോഴെങ്കിലും ഇതു പറയേണ്ടിവന്നാൽ ഉടനെ അത് എതുഗ്രന്ഥത്തിലാണുള്ളതെന്നും അവർ പറഞ്ഞുതരും. എന്നാൽ, ഇതനുസരിച്ചുള്ള കർമ്മം എത്രത്തോളമുണ്ടെന്നാണ് നോക്കേണ്ടത്. ഒരിടം ശുചിയാക്കുമ്പോൾ അവിടത്തെ അഴുക്ക് വേറൊരു സ്ഥലത്ത് കൊണ്ടുപോയി തട്ടും. നിർഭാഗ്യവശാൽ, മുസ്‌ലീംകളിൽ എത്രത്തോളം വ്യക്തമായ ശുചിത്വബോധമാണോ വേണ്ടിയിരുന്നത് അതിന്നില്ല.

ഇതു പോലെ അവരവരുടെ പരിസരത്ത് വേണ്ടിയിരുന്ന ഉന്നത നിലവാരത്തിലുള്ള ശുചിത്വം മൊത്തത്തിൽ നോക്കിയാൽ അഹ്മദികളിലും ഇല്ല. പരിസരങ്ങളിൽ തങ്ങളുടെ നല്ല സ്വാധീനം ഉണ്ടാക്കുന്നതിനു പകരം പരിസരങ്ങളുടെ സ്വാധീനത്തിനു വിധേയരായി തീരുന്നു. പാക്കിസ്ഥാൻ തുടങ്ങിയ മൂന്നാംലോക രാഷ്ട്രങ്ങളിൽ ചപ്പുചവറുകൾ എടുത്തുകൊണ്ടുപോയി സംസ്കരിക്കുന്നതിനുള്ള സ്ഥിരമായ ഏർപ്പാടുകളൊന്നുമില്ല. അവിടങ്ങളിൽ വീടുകളിലെ ചപ്പുചവറുകൾ വെളിയിലേക്കെറിയുന്നു. വാസ്ഥവത്തിൽ പരിസരം ശുചിയാക്കി വെക്കേണ്ടത് വീടു ശുചിയാക്കി വെക്കുന്നതുപോലെ തന്നെ നിർബന്ധമായ കാര്യമാണ്. ഇല്ലെങ്കിൽ വീട്ടിലെ ചപ്പുചവറുകൾ പരിസരത്തേക്ക് വലിച്ചെറിഞ്ഞ് അതിനെ മലിനമാക്കുകയായിരിക്കും ചെയ്യുന്നത്. അതുകൊണ്ട് അഹ്മദികൾ പ്രത്യേകമായ നിലയിൽ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. വീടിനുവെളിയിൽ ചപ്പുചവുകൾ കാണാത്ത നിലയിലുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. റബുവയിൽ 98 ശതമാനവും അഹ്മദികളാണ്. അവടെ വൃത്തിയും വെടിപ്പുമുള്ള ഒരു ചുറ്റുപാടാണ് കാണേണ്ടത്. ഇപ്പോൾ മാശാഅല്ലാഹ് "റബുവ നവീകരണകമ്മിറ്റി" ഇതിനുവേണ്ടി കഠിനപരിശ്രമം ചെയ്തുവരികയാണ്. റബുവയെ പച്ചപ്പുള്ളതാക്കി തീർക്കുന്നതിനും, തീർത്തുകൊണ്ടിരിക്കുവാൻ ശ്രമം ആരംഭിച്ചു കഴിഞ്ഞു. ഒരുപാട് ചെടികളും മരങ്ങളും വഴിയോരങ്ങളിൽ നട്ടുകഴിഞ്ഞത് കാണാൻ കഴിയും. ഇവിടെ വരുന്നവർ മിക്കവരും അതെടുത്തുപറയുകയും അഭിനന്ദിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഈ ചെടികളെ സംരക്ഷിക്കുകയും പരിസരം ശുചിയാക്കിവെക്കുകയും ചെയ്യണമെന്ന ബോധം പട്ടണവാസികളിൽ ഉണ്ടാകുന്നില്ലെങ്കിൽ ഒരുഭാഗത്ത് പച്ചപ്പും മറു ഭാഗത്ത് ചപ്പു ചവറുകളുടെ കൂമ്പാരവുമായിരിക്കും കാണുക. അതിൽ നിന്ന് ദുർഗന്ധം പരന്നുകൊണ്ടിരിക്കും. അതുകൊണ്ട് റബുവ വാസികൾ പ്രത്യേകമായും ശ്രദ്ധ ചെലുത്തികൊണ്ട് വീടുകളുടെ പരിസരത്തുള്ള കാണകൾ വൃത്തിയാക്കി വെയ്ക്കാനുള്ള ഏർപ്പാടുചെയ്യുക. വീടുകളിലുള്ള ചപ്പുചവറുകളും നശിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. വഴിയാത്രക്കാരൻ അഴുക്കുകളിൽ നിന്ന് രക്ഷപെടുന്നതിനുവേണ്ടി സൂക്ഷിച്ച് സൂക്ഷിച്ച് ചുവടുവെയ്ക്കുകയും ദുർഗന്ധം കൊണ്ട് മൂക്കുപൊത്തി നടക്കുകയും ചെയ്യേണ്ട ഒരവസ്ഥ ഉണ്ടാകരുത്.

ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) റബുവയെ മണവാട്ടിയെ പോലെ അണിയിച്ചൊരുക്കി നിർത്താനാണ് പറഞ്ഞിട്ടുള്ളത്. ജൽസയുടെ അവസരത്തിൽ മാത്രമല്ല, സ്ഥിരമായിട്ട് ഈ അവസ്ഥ കാണാൻ കഴിയേണ്ടതാണ്. മുശാവറത്ത്, കൂടിയാലോചനാസഭ ചേർന്ന നാളുകളിൽ റബുവയിലെ ചില വഴികൾ നല്ലവണ്ണം അലങ്കരിച്ചിരുന്നു. റബുവ വാസികൾ അതിന്റെ ചിത്രങ്ങളും അയച്ചു തന്നിരുന്നു. വളരെ മനോഹരമായിട്ടാണ് വഴികൾ അന്ന് വിതാനിച്ചിരുന്നത്. ശുചിത്വത്തിലേക്ക് റബുവ വാസികൾ പ്രത്യേകമായും ശ്രദ്ധ ചെലുത്തിയിരിക്കുന്നു എന്നുകാണാൻ കഴിയുന്ന വിധം റബുവ മുഴുവൻ അലങ്കരിക്കേണ്ടതാണ്. ഓരോ വീടിന്റെയും മുമ്പിൽ ശുചിത്വത്തിന്റെ നല്ലൊരു നില പ്രകടമാകേണ്ടതാണ്. ഇതു നവീകരണ കമ്മറ്റിയെ കൊണ്ടുമാത്രം ചെയ്യാൻ കഴിയുന്ന ഒന്നല്ല. ഓരോ വാസികളും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതായി വരും.

ഇപ്രകാരം ഖാദിയാനിലും അഹ്മദീ വീടുകളുടെ ഉള്ളിലും വെളിയിലും പ്രത്യേക ശുചിത്വം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അഹ്മദീ മുഹല്ലയിലൂടെയാണ് നടക്കുന്നതെന്ന് വഴിയാത്രക്കാർക്ക് വ്യക്തമായും തോന്നുന്നവിധം ഒരു വ്യത്യാസം അവിടെ പ്രകടമാകണം. ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് എനിക്കറിയില്ല. 1991 ൽ ഞാൻ പോയപ്പോൾ ഒരു പക്ഷെ ജനത്തിരക്ക് കൂടിയതുകൊണ്ടാകാം ഈ ഭാഗത്ത് ശ്രദ്ധചെലുത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നിയിരുന്നു. ഇപ്പോഴും ഇത് ആവശ്യം തന്നെ എന്നു ഞാൻ കരുതുന്നു. പ്രത്യേകമായും ഈ വശത്തേക്ക് ശ്രദ്ധിക്കുക. ശുചിത്വം പാലിക്കുക. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നിടത്ത് അതായത് ഇപ്പോൾ ആ ഇടുങ്ങിയ ചുറ്റുപാടിൽ നിന്ന് പുറത്തുവന്ന് വിശാലമായ സ്ഥലത്ത് വീടു നിർമ്മിക്കുന്ന അഹ്മദികൾ തങ്ങളുടെ സ്ഥലത്തെ വൃത്തിയാക്കി വെക്കുകയും ചെടികൾ വെച്ചു പിടിപ്പിക്കുകയും ചെയ്യുക. ഇത് ഖാദിയാൻകാരോട് മാത്രമല്ല ഞാൻ

പറയുന്നത്. ജമാഅത്തിന്റെ കെട്ടിടങ്ങൾ പ്രത്യേകമായും ഖുദ്ദാമുൽ അഹ്മദിയ പരിപാലിക്കേണ്ടതാണ്. അവർ വഖാറെ അമൽ ചെയ്തുകൊണ്ട് കെട്ടിടങ്ങളും പരിസരവും വൃത്തിയാക്കി വെക്കുകയും ചെടികൾ വെച്ചു പിടിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതുമാണ്. ഇതു ഖാദിയാനിൽ മാത്രമല്ല, ലോകത്ത് എവിടെയൊക്കെ ജമാഅത്തിന്റെ കെട്ടിടങ്ങളുണ്ടോ അതിനു ചുറ്റും വൃത്തിയും പച്ചപ്പും എടുത്തു കാണത്തക്കനിലയിൽ സജ്ജീകരക്കേണ്ടതാണ്. മൂന്നാം ലോക രാഷ്ട്രങ്ങളിലെ ഉദാഹരണം ഞാൻ നേരത്തേ പറഞ്ഞു കഴിഞ്ഞതാണ്. ഈ അവസ്ഥ അവിടെ മാത്രമല്ല ഇവിടെ യൂറോപ്പിലും ഞാനിതു കണ്ടിട്ടുണ്ട്. ഞാൻ പേയിട്ടുള്ള മിക്ക വീടുകളിലും ചെറിയ ചെറിയ മുറ്റങ്ങളുണ്ട്. അവിടെ ചപ്പുചവറുകർ കുന്നുകൂടികിടക്കുന്നു. അത് ശ്രദ്ധിക്കാറില്ലെന്ന് കണ്ടാൽ തന്നെ അറിയാം അൽപ്പം അധ്വാനിച്ചാൽ, ആഴ്ച്ചയിൽ ഒരു ദിവസം അതിനുവേണ്ടി ചിലവഴിച്ചാൽ ആ വീടും പരിസരവും മനോഹരമാക്കാൻ കഴിയും. ഇതു നിങ്ങളുടെ അയൽപക്കത്തും നിങ്ങളുടെ പരിസരത്തും നല്ല സ്വാധീനമുണ്ടാക്കുന്നതാണ്. ഇവർ എല്ലാവരിൽ നിന്നും വേറിട്ടു നിൽക്കുന്നവരാണെന്ന് അവർക്ക് തോന്നുകയും, സാധാരണരീതിയിലുള്ള തെറ്റി ധാരണകൾ അകലുകയും ചെയ്യും.

തദ്ദേശ വാസികളായ മറ്റുള്ളവർക്ക് ഇക്കാര്യത്തിൽ കുറച്ചൊക്കെ താൽപര്യം ഇതിനോടുണ്ട്. അവർ ചെടികൾ വെച്ചു പിടിപ്പിക്കുന്നതിലേക്ക് ശ്രദ്ധിക്കാറുണ്ട്. നമ്മുടെ വീടും പരിസരവും അവരേക്കാൾ കൂടുതൽ വെടിപ്പുള്ളതും വൃത്തിയുള്ളതുമായിരിക്കേണ്ട താണ് ഇവിടുത്തെ കാലാവസ്ഥയും അൽപ്പം പരിശ്രമം കൊണ്ട് കൂടുതൽ ഭംഗി വരുത്താൻ കഴിയുന്ന വിധത്തിലുള്ളതാണ്.

ഹദീസിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി വഴികൾ വൃത്തിയാക്കി സൂക്ഷിക്കുന്നതിനെ സംബന്ധിച്ച് പറയുന്നു. വഴിയിൽ കുറ്റികളോ കല്ലുകളോ മറ്റെന്തെങ്കിലും അഴുക്കുകളോ കണ്ടാൽ നബി(സ)തിരുമേനി സ്വയം അതെടുത്ത് ഒരു ഭാഗത്തേക്ക് നീക്കിയിടുമായിരുന്നു. നബി(സ)പറയാറുണ്ടായിരുന്നു: ആരാണോ വഴി വൃത്തിയാക്കി വെക്കുന്നതിൽ ശ്രദ്ധിക്കുന്നത്, അല്ലാഹു അവന്റെ പ്രവൃത്തിയിൽ സന്തോഷിക്കുകയും അവന് പ്രതിഫലം നൽകുകയും ചെയ്യുന്നു. ഇവിടത്തെ വീടുകൾ വളരെ ചെറുതാണ്, വീടിനുള്ളിൽ നിന്നാൽ വഴികാണത്തക്ക നിലയിലാണ് അത് നിലകൊള്ളുന്നത്. അതുകൊണ്ട് നിങ്ങളുടെ ചെറിയ മുറ്റം എത്രമാത്രം നിങ്ങൾ വൃത്തിയാക്കിവെക്കുന്നുവോ അത്രത്തോളം വഴിയുടെ വൃത്തിയും കാണാൻ കഴിയും. ഇപ്രകാരം തന്നെ നബി(സ)പറയാറുണ്ടായിരുന്നു, വഴിയിൽ മാർഗ്ഗതടസ്സമുണ്ടാക്കരുത്. വഴിയിൽ കുത്തിയിരിക്കുക, വഴിയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന എന്തെങ്കിലും വഴിയിലേക്ക് വലിച്ചെറിയുക, വഴിയിൽ മലമൂത്ര വിസർജ്ജനം നടത്തുക തുടങ്ങിയവയെല്ലാം അല്ലാഹു ഇഷ്ടപ്പെടാത്ത പ്രവൃത്തികളാണ്. റോഡിലോ നടപ്പാതയിലോ കാർക്കിച്ചുതുപ്പുക എന്നത് ചിലരുടെ ശീലമാണ്. അങ്ങേയറ്റം വെറുക്കപ്പെട്ട കാഴ്ച്ചയാണത്. അങ്ങനെ എന്തെങ്കിലും ആവശ്യം വന്നാൽ ഒരുവശത്തേക്ക് മാറി, ആരുടേയും ദൃഷ്ടിയിൽ പതിയാത്തിടത്ത് തുപ്പേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

***വസിയാബക്ക ഫത്വഹ്ഹിർ വർറുജ്സ ഫഹ്ജുർ***

"നിന്റെ വസ്ത്രങ്ങൾ ശുചിയാക്കി വെക്കുക. ശരീരത്തെയും വീടിനേയും ഇടവഴിയേയും നിങ്ങൾ പാർക്കുന്ന ഓരോ സ്ഥലത്തേയും, മാലിന്യങ്ങളിൽ നിന്നും അഴുക്കുകളിൽ നിന്നും രക്ഷിക്കുക. അതായത് കുളിച്ചുകൊണ്ടിരിക്കുക. വീടു വൃത്തിയാക്കി വെയ്ക്കുന്ന ശീലമുണ്ടാക്കുക." (74:56)

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞപോലെ ശരീരത്തേയും വസ്ത്രത്തേയും വൃത്തിയാക്കി വയ്ക്കാനും ശ്രദ്ധിക്കേണ്ടതാണ്. ചിലയാളുകൾ ധരിക്കുന്നത് എത്രത്തോളം വൃത്തിയില്ലാതെ നടക്കുന്നുവോ അത്രത്തോളം മഹത്വം ഉണ്ടാകുമെന്നാണ്. വാസ്തവത്തിൽ ഇസ്ലാമികപാഠം ഇതിനു തികച്ചും വിരുദ്ധമാണ്. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "അല്ലാഹു എതെങ്കിലും ഒരു ദാസന്റെ മേൽ അനുഗ്രഹം ചൊരിയുമ്പോൾ, ആ അനുഗ്രഹത്തിന്റെ അടയാളങ്ങൾ ആ ദാസന്റെ മേൽ കാണുന്നതിനെ അവനിഷ്ടപ്പെടുന്നു."

ഹസ്രത്ത് അബൂ അഹ്വസ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹത്തിന്റെ പിതാവ് പറഞ്ഞു, ഞാൻ നബി (സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അപ്പോൾ നിസ്സാരവും മോശവുമായ വസ്ത്രമാണ് ഞാൻ ധരിച്ചിരുന്നത്. താങ്കളുടെ കൈയ്യിൽ ധനമുണ്ടോ എന്ന് നബി (സ) ചോദിച്ചു. ഉണ്ടെന്ന് ഞാൻ പറഞ്ഞപ്പോൾ എത്രത്തോളമുണ്ടെന്ന് നബി(സ)വീണ്ടും ചോദിച്ചു. എല്ലാത്തരം സമ്പത്തും അല്ലാഹു എനിക്ക് തന്നിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. പെൺഒട്ടകങ്ങളും പശുക്കളും ആടുകളും കുതിരകളും അടിമകളുമൊക്കെ എനിക്കുണ്ട്. ഇതുകേട്ടപ്പോൾ നബി(സ) പറഞ്ഞു: അല്ലാഹു നിങ്ങൾക്ക് ഇങ്ങനെ സമ്പത്തു നൽകിയിട്ടുള്ള സ്ഥിതിയ്ക്ക് അതിന്റെ അടയാളങ്ങൾ നിങ്ങളുടെ ശരീരത്തിൽ പ്രകടമാകേണ്ടതാണ്.

ചിലയാളുകൾ പ്രകൃത്യാതന്നെ അത്തരം കാര്യങ്ങളിലേക്ക് ശ്രദ്ധിക്കാറില്ല. ശരിയായ നിലയിൽ വസ്ത്രം ധരിക്കാറില്ല. ചിലർ പിശുക്കു കാണിച്ചുകൊണ്ട് തങ്ങളുടെ നിലഇല്ലാതാക്കുന്നു. എന്തായാലും നബി(സ) തിരുമേനി വ്യക്തമായും പറഞ്ഞിരിക്കുന്നത് അല്ലാഹു നിങ്ങളിൽ അനുഗ്രഹവും നന്മയും ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ അടയാളങ്ങൾ നിങ്ങളുടെ മുഖത്തും വസ്ത്രങ്ങളിലും ഉടുപ്പുകളിലും വീടുകളിലുമെല്ലാം പ്രകടമാകണമെന്നാണ്. അതുകൊണ്ട് നിങ്ങളുടെ രൂപം ശരിയാക്കി വെയ്ക്കുക. നല്ല വസ്ത്രങ്ങൾ ധരിക്കുകയും ചെയ്യുക.

മറ്റൊരു നിവേദനത്തിൽ ഹസ്രത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) വിവരിക്കുന്നു. നബി(സ) തിരുമേനി ഞങ്ങളുടെ അടുത്തുവന്നു. മുടി അലക്ഷ്യമായിട്ടിരിക്കുന്ന ഒരാളെ കണ്ടു, ഇയാളുടെ പക്കൽ മുടിചീകി ഒതുക്കാനുള്ള ഒന്നുമില്ലേ എന്ന് അവിടന്ന് ചോദിച്ചു. അഴുക്കു വസ്ത്ര ധാരിയായ ഒരാളെ കണ്ടിട്ട് വസ്ത്രം കഴുകാൻ അയാൾക്ക് വെള്ളമില്ലേ എന്നും ചോദിച്ചു.

ഇവരെന്തുകൊണ്ട് ഇങ്ങനെ വകതിരിവില്ലാതെ നടക്കുന്നു എന്നാണ് ചോദിച്ചതിന്റെ അർത്ഥം. നമ്മുടെ രാജ്യങ്ങളിൽ പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ അഴുക്കുപുരണ്ടവസ്ത്രം ധരിക്കുന്നവരേയും നീളക്കുപ്പായവും വളയും മാലയും അണിയുന്നവരേയും കാണുമ്പോൾ ആളുകൾ കരുതുന്നത് ആത്മീയമായി അങ്ങേയറ്റത്ത് എത്തിയ മഹാത്മാവ് ആണെന്നാണ്. വാസ്ഥവത്തിൽ ഇത് അടിമുടി ഇസ്ലാമിക അധ്യാപനങ്ങൾക്കെതിരാണ്. അത്തരം ആളുകളിൽ നിന്ന് അഹ്മദിയ്യത്ത് ശുദ്ധമാണ്. അല്ലാഹുവിന് ശുക്ർ.

ഹസ്രത്ത് അതാഇബ്നു ഇസ്ഹാഖ് (റ) നിവേദനം ചെയ്യുന്നു. നബി(സ) ഒരു പള്ളിയിലിരിക്കുകയായിരുന്നു. അപ്പോൾ താടിയും മുടിയും അലക്ഷ്യമായിട്ടിരിക്കുന്ന ഒരാൾ വന്നു. താടിയും മുടിയും ശരിയാക്കിവരാൻ നബി(സ) ആംഗ്യത്തിൽ അദ്ദേഹത്തോട് പറഞ്ഞു. അയാൾ താടിയും മുടിയും ചീകിമിനുക്കി വന്നപ്പോൾ അവിടന്നു ചോദിച്ചു ഈ മനോഹരമായ രൂപമാണോ നല്ലത് അതോ പ്രേതത്തെപ്പോലെയുള്ള ആദ്യത്തെ രൂപമോ?

നബി(സ) തിരുമേനി മനപ്പൂർവം മോശപ്പെട്ടരൂപം ഉണ്ടാക്കുന്നവരെ ശയ്ത്വാനോട് ഉപമിച്ചിരിക്കുന്നു. പാക്കിസ്ഥാനിലും ഇന്ത്യയിലും ഇത്തരം വൃത്തികെട്ട ആളുകളെ കണ്ടിട്ട് അല്ലാഹുവിന്റെ ആളുകളാണെന്ന് പറയാറുണ്ട്. ഈ വൈരുദ്ധ്യം നിങ്ങൾ നോക്കുക. ഇതിനൊരുകാരണം ഇക്കൂട്ടർ ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കുകയും തിരിച്ചറിയുകയും ചെയ്തിട്ടില്ല എന്നതാണ്.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഹൃദയത്തിൽ അല്പംപോലും അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. അപ്പോൾ ഒരാൾ പറഞ്ഞു: തന്റെ ചെരിപ്പും വസ്ത്രവും ഭംഗിയുള്ളതായിരിക്കണമെന്ന് ഓരോരുത്തരും ഇഷ്ടപ്പെടാറുണ്ടല്ലോ? ഇതു കേട്ടപ്പോൾ നബി(സ) പറഞ്ഞു: അല്ലാഹു സൗന്ദര്യവാനാണ് സൗന്ദര്യത്തെ അവൻ ഇഷ്ടപ്പെടുന്നു.

ഈ ഹദീസിൽ നിന്ന് വൃത്തിയും വെടിപ്പുമുള്ളതായിരിക്കുകയും നല്ല വസ്ത്രം അണിയുകയും ചെയ്യുന്നത് അഹങ്കാരമല്ല എന്നുവ്യക്തമാണ്. അങ്ങനെയൊക്കെയായിട്ട് സാമ്പത്തിക ശേഷിയില്ലാത്ത സാധാരണക്കാരനോടൊപ്പം ഇരിക്കാൻ മടിക്കുന്നതാണ് അഹങ്കാരം. നല്ല വസ്ത്രം അണിയുകയും വൃത്തിയും വെടിപ്പുമുള്ളതായിരിക്കുകയും നല്ല ചെരിപ്പിടുകയും ചെയ്യുന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അതിന്റെ പ്രകടനമാണ്. അഹങ്കാരമാണെങ്കിലാണ് സ്വർഗ്ഗത്തിന്റെ കവാടം അത്തരക്കാർക്ക് അടഞ്ഞുകിടക്കുന്നത്. അതുകൊണ്ട് സത്യവിശ്വാസിയും ഭൗതികവാദിയും തമ്മിലുള്ള വ്യത്യാസം, സത്യവിശ്വാസി പരിശുദ്ധിയോടെ ഇരിയ്ക്കുന്നതും നല്ല വസ്ത്രം ധരിക്കുന്നതും നല്ല ചെരിപ്പിടുന്നതും തന്റെ വീട് അലങ്കരിച്ചു വെയ്ക്കുന്നതുമെല്ലാം അല്ലാഹു സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നതു കൊണ്ടാണ്. അതായത് അവന്റെ ബാഹ്യമായ സൗന്ദര്യത്തിന്റെ ഈ പ്രകടനവും അല്ലാഹുവിനുവേണ്ടിയാണ്, അവന്റെ തൃപ്തികരസ്ഥമാക്കുന്നതിനു വേണ്ടിയാണ്. സത്യവിശ്വാസിയുടെ ഈ പ്രകടനം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനായതുകൊണ്ട്, ദരിദ്രനോടൊപ്പം ഇരിക്കുന്നതും എഴുന്നേൽക്കുന്നതും അവനെ പരിഗണിക്കുന്നതുമെല്ലാം അവൻ ധനികനോടൊപ്പം ഇരിക്കുകയും എഴുന്നേൽക്കുകയും പരിഗണിക്കുകയും ചെയ്യുന്നതു പോലെ തന്നെയാണ്. ഇതാണ് ഇസ്ലാമിക അദ്ധ്യാപനം. നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹം ബാഹ്യമായ നിലയിൽ പ്രകടിപ്പിക്കുന്നതോടൊപ്പം നിങ്ങൾ മതപരമായ പാഠമനുസരിച്ച് ദരിദ്രരെ പരിഗണിക്കുകയും ചെയ്യുക. അവരുടെ അവകാശം നഷ്ടപ്പെടരുത്. അവരോടുള്ള കടമ നിറവേറ്റപ്പെടാതിരിക്കാൻ പാടില്ല.

ഹസ്റത്ത് സാഹിബ് സാദാ മീർസാ മുസഫർ അഹ്മദ് സാഹിബ് ഐ.സി.എസ്. പരീക്ഷ പാസായപ്പോൾ സിവിൽ സർവീസിൽ കയറി. ഏഷ്യക്കാരായിട്ടുള്ള ഓഫീസർമാർ പൊതുവേ സാധാരണക്കാരിൽ നിന്ന് തങ്ങൾ ഉയർന്നവരാണെന്ന് ധരിച്ചിരുന്നു. ഇപ്പോഴും പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ ഇതു നിലനിന്നുവരുന്നുണ്ട്. ദരിദ്രന്റെ സമയത്തെയോ മാനത്തെയോ അവർ

പരിഗണിക്കാറില്ല. ഹസ്രത്ത് മിയാ സാഹിബ് തന്റെ നാട്ടിൽ ഓഫീസറായി ചെന്നപ്പോൾ ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) മറ്റു ഉപദേശങ്ങൾ നൽകിയതോടൊപ്പം, നിന്റെ വീടിന്റെ പരവതാനി യുടെ ഒരു കഷണമോ സോഫയോ ഏതെങ്കിലും ദരിദ്രൻ നിന്റെ വീട്ടിൽ കയറുന്നതിനോ ഇരിക്കുന്ന തിനോ തടസ്സമാകരുതെന്നും ഉപദേശിച്ചിരുന്നു.

ഇതു വളരെ യുക്തിപൂർവ്വമായ ഉപദേശമാണ്. ഏതു ദരിദ്രനും ഒരു മടിയും കൂടാതെ നിന്റെ വീട്ടിൽ വരാൻ കഴിയണം. ഒരു തടസവുമുണ്ടാകരുത്. രണ്ടാമത്തേത് സമ്പന്നന് കൊടുക്കുന്ന അതേ ആദരവ് അവനും നൽകുക. ഹസ്രത്ത് മിയാ സാഹിബ് ദരിദ്രരെ എപ്പോഴും ശ്രദ്ധിക്കാറു ണ്ടായിരുന്നു. ആ ഉപദേശമനുസരിച്ച് പ്രവർത്തി ച്ചിരുന്നു. ഇന്നത്തെ നമ്മുടെ ഓഫീസർമാരും ഈ ഉപദേശം സ്വീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ദരിദ്രരാരെങ്കിലും നിങ്ങളുടെ അടുത്തുവരികയും യാത്രയിലോ മറ്റോ ആയതുകൊണ്ട് വസ്ത്രം അഴുക്കുപുരണ്ടതാവുകയും ചെയ്യുമ്പോൾ നിങ്ങളുടെ സോഫയിലിരുത്താൻ കഴിയാത്ത നിലയിലുള്ള ഇടുങ്ങിയ ചിന്താഗതി ഉണ്ടാകാൻ പാടില്ല.

ശുചിത്വത്തോടൊപ്പം സുഗന്ധം പൂശാനും നബി(സ) തിരുമേനി നിർദ്ദേശിക്കുകയുണ്ടായി. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹസ്റത്ത് ജാബിർ (റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങളുടെ സുഹൃത്ത് നിങ്ങൾക്ക് സുഗന്ധവസ്തുക്കൾ സമ്മാനമായി തന്നാൽ അതു സ്വീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുക. നബി(സ) തിരുമേനിയുടെ ശരീരത്തിൽ നിന്ന് എപ്പോഴും സുഗന്ധം വരാറുണ്ടായിരുന്നുവെന്ന് നിവേദനങ്ങളിൽ വന്നിരിക്കുന്നു."

ഹസ്റത്ത് ജാബിർ ബിൻ സമ്റ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു: "നബി(സ) തിരുമേനി ഒരിക്കൽ എന്റെ കവിളിൽ തടവി. അപ്പോൾ അത്തർ പെട്ടിയിൽ നിന്ന് പുതിയതായി പുറത്തെടുത്ത അത്തറിന്റെ ഉന്നതമായ സുഗന്ധം എനിക്കനു ഭവപ്പെട്ടു. അതായത് അത്തർ കൂട്ടിയെടുക്കുന്ന ഡപ്പിയിൽ നിന്ന് പുറത്തെടുത്ത കൈപോലെ."

ഹസ്രത്ത് ജാബിർ (റ) വിവരിക്കുന്നു, "നബി(സ) തിരുമേനി നടന്നുപോകുന്ന വഴിയിലൂടെ ആരെങ്കിലും പിന്നാലെ പോയാൽ നബി(സ) തിരുമേനിയുടെ പ്രത്യേകമായ സുഗന്ധം കാരണത്താൽ നബി(സ) ഇപ്പോൾ ഈവഴി പോയി ട്ടുണ്ടെന്ന് അയാൾക്ക് മനസ്സിലാക്കാൻ കഴിയു മായിരുന്നു."

ഹസ്രത്ത് സൽമാനുൽ ഫാരിസി (റ) നിവേദനം ചെയ്യുന്നു, നബി(സ) തിരുമേനി പറഞ്ഞു: "ആരാണോ ജുമുഅ ദിവസം കുളിക്കുകയും ശുചിത്വം പാലിക്കാവുന്നിടത്തോളം പാലിക്കുകയും എണ്ണപുരട്ടുകയും വീട്ടിലുള്ള സുഗന്ധ വസ്തുക്കളിൽ നിന്ന് അല്പം പൂശുകയും പിന്നീട് നമസ്കാരത്തിനായി ഇറങ്ങുകയും ചെയ്യുന്നത് അവന്റെ ആ ജുമുഅ മുതൽ അടുത്ത ജുമുഅ വരെയുള്ള എല്ലാ പാപവും പൊറുക്കപ്പെടുന്നതാണ്.

അതായത് അല്ലാഹുവിന്റെ ദാസർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ വേണ്ടി സുഗന്ധം പൂശിപ്പോകാൻ അല്ലാഹുവിന്റെ നിർദേശമാണെന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുക. കാരണം അല്ലാഹുവിന് ശുചിത്വവും സുഗന്ധവും ഇഷ്ടമാണ്. അല്ലാതെ ഈ കൽപ്പനയനുസരിച്ച് തയ്യാറായി, പോയി നമസ്കരിക്കുകയും പിന്നീട് ആഴ്ച്ചമുഴുവൻ ആളുകളെ ബുദ്ധിമുട്ടിക്കുകയും ചെയ്യുക എന്നതല്ല. എല്ലാ കർമ്മങ്ങളും നിയ്യത്ത് അടിസ്ഥാന മാക്കിയാണ് സ്വീകരിക്കപ്പെടുന്നത്. ഈ ഹദീസും മുന്നിൽ കാണേണ്ടതാണ്. സദുദ്ദേശ്യമാണെങ്കിൽ പ്രതിഫലവും കിട്ടും.

ദന്തശുദ്ധീകരണത്തെ കുറിച്ചും നിവേദ നങ്ങൾ വന്നിട്ടുണ്ട്. ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ബ്രഷ് ചെയ്യൽ വായശുദ്ധീകരണവും അല്ലാഹുവിന് ഇഷ്ടപ്പെട്ടതുമാകുന്നു. മറ്റൊരു നിവേദനത്തിൽ കണ്ണിന്റെ വെളിച്ചം വർദ്ധിക്കുന്നുവെന്നും വന്നിട്ടുണ്ട്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: എന്റെ അനുയായികൾക്ക് വിഷമം നേരിട്ടേക്കുമെന്ന് ഞാൻ ഭയന്നിട്ടില്ലെങ്കിൽ എല്ലാ നമസ്ക്കാരത്തിലും ദന്തശുദ്ധിവരുത്തുവാൻ അവരോട് ഞാൻ കല്പിക്കുമായിരുന്നു.

ചിലരുടെ വായിൽ നിന്ന് നാറ്റം വരാറുണ്ട്. അവർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. മറ്റുള്ളവരുടെ വിഷമം മനസ്സിലാക്കിയിരിക്കേണ്ടതുമാണ്.

ഹസ്റത്ത് ഹുദൈഫാ (റ) നിവേദനം ചെയ്യു ന്നു. റസൂൽ (സ) ഉറക്കത്തിൽ നിന്നുണർന്നാൽ വായ ബ്രഷുകൊണ്ട് ഉരച്ചു വൃത്തിയാക്കുമായിരുന്നു.

ഡോക്ടർമാർ തങ്ങളുടെ ഗവേഷണ മനുസരിച്ച് രാവിലെ ഉറക്കമുണരുമ്പോഴും രാത്രി കിടക്കുന്നതിനുമുമ്പേയും വായ വൃത്തിയാക്കണ മെന്ന് പറയുന്നുണ്ട്. ഇല്ലെങ്കിൽ രോഗമുണ്ടാകാൻ സാധ്യതയുണ്ട്. രാവിലെ മനുഷ്യൻ എഴുന്നേൽ ക്കുമ്പോൾ അവന്റെ പല്ലുകളിൽ വിവിധ തരം 600 സ്പീഷീസ് അതായത് അസംഖ്യം ബാക്ടീരിയകൾ പിടിച്ചിരിക്കുന്നുവെന്നാണ്. എന്നാൽ നോക്കുക, ഉറക്കമുണർന്നാൽ ആദ്യം പല്ലു വൃത്തിയാക്കാൻ 1500 വർഷങ്ങൾക്കുമുമ്പേ നബി(സ) തിരുമേനി നമ്മളോടു പറഞ്ഞു. ഇക്കാര്യങ്ങൾ കണ്ടിട്ട് ഇന്നത്തെ ശാസ്ത്രജ്ഞൻമാർക്കും ഡോക്ടർ മാർക്കും അല്ലാഹുവിലും ഇസ്ലാമിന്റെ സത്യ തയിലും ദൃഢവിശ്വാസമുണ്ടാകേണ്ടതാണ്. ഗവേഷണം നടത്തി ഇന്നു സ്ഥാപിക്കുന്ന കാര്യങ്ങൾ

ഇന്നേക്ക് 1500 വർഷങ്ങൾ മുമ്പേ നബി(സ) തിരുമേനി നമുക്ക് പറഞ്ഞുതന്നിരുന്നു.

ഭക്ഷണം കഴിക്കുന്നതിനുമുമ്പേ കൈ കഴുകുന്നതിനെ കുറിച്ച് കല്പനയുണ്ട്. നബി(സ) ഭക്ഷണം കഴിക്കുന്നതിനുമുമ്പേയും ഭക്ഷണം കഴിച്ചും കൈകഴുകുകയും കൊപ്പിളിക്കുകയും ചെയ്യുമായിരുന്നു. വേവിച്ച സാധനങ്ങൾ തിന്നുകഴിഞ്ഞാലുടൻ അവിടുന്ന് കുലുക്കുഴി യുമായിരുന്നു. വേവിച്ച സാധനങ്ങൾ തിന്നിട്ട് കുലുക്കുഴിയാതെ നമസ്കരിക്കുന്നത് അവിടന്ന് ഇഷ്ടപ്പെട്ടിരുന്നില്ല. ഭക്ഷണം കഴിച്ചാൽ കുലുക്കുഴി യുകയും കൈകഴുകുകയും ചെയ്യേണ്ടതാണ്. ഭക്ഷണം കഴിക്കുന്നതിനു മുമ്പേ അഴുക്കുകൾ കൈയിൽ നിന്നു നീങ്ങുന്നതിനും ഭക്ഷണത്തിനു ശേഷം ഭക്ഷണത്തിന്റെ മണം കൈയിൽ നിന്ന് നീങ്ങുന്നതിനും കൈ കഴുകേണ്ടതാണ്.

ഇക്കാലത്ത് മസാലകൾ ഇടുന്നതും അങ്ങനെ യാണ്. തിന്നുമ്പോൾ നല്ല രുചിയുണ്ടാകും. പക്ഷേ നല്ലവണ്ണം കൈകഴുകിയില്ലെങ്കിൽ പിന്നീട് അതുമറ്റുള്ളവർക്ക് ബുദ്ധിമുട്ടായി തീരും.

കൈകഴുകിയതിനുശേഷം വലതു കൈ കൊണ്ട് ഭക്ഷിക്കേണ്ടതാണെന്ന് നബി(സ) പറഞ്ഞു. അഴുക്കുകൾ വൃത്തിയാക്കാൻ ഇടതു കൈ ഉപയോഗിക്കാൻ മറ്റൊരു സ്ഥലത്ത് അവിടന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ, ഇവിടെ യൂറോപ്പിൽ വലതും ഇടതും എന്നബോധം ജനങ്ങൾക്കില്ല. വെള്ളക്കാരധികവും ഇടതു കൈ കൊണ്ട് ഭക്ഷിക്കുന്നതായിട്ടാണ് മിക്കപ്പോഴും കണ്ടിട്ടുള്ളത്. ക്രിസ്ത്യാനികളേയും ഞാൻ കണ്ടിട്ടുണ്ട്. ചിപ്സിന്റെ പായ്ക്കറ്റ് വലതു കൈ കൊണ്ട് പിടിക്കുകയും ഇടതു കൈ കൊണ്ട് തിന്നുകയും ചെയ്യുന്നത് നിത്യ കാഴ്ച്ചയാണ്. ഇതിനെ ചിലർ അനുകരിക്കാറുണ്ട്. ഇതു പാടില്ല. ഇതിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്. ഭക്ഷിക്കുന്നത് എന്തായാലും വലതു കൈ കൊണ്ടായിരിക്കണം.

ഹസ്രത്ത് ആയിശാ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: പത്തുകാര്യം മനു ഷ്യപ്രകൃതിയിൽപ്പെട്ടതാണ്. 1. മീശവെട്ടുക. 2. താടി വളർത്തുക. 3. ബ്രഷ് ചെയ്യുക. 4. വെള്ളം കൊണ്ട് മൂക്ക് വൃത്തിയാക്കിവയ്ക്കുക. 7. കക്ഷത്തെ രോമം കളയുക. 8. രഹസ്യസ്ഥാനത്തെ രോമം കളയുക. 9. ശൗചിക്കുക. നിവേദകൻ പറയുന്നു, പത്താമത്തേത് ഞാൻ മറന്നുപോയി. അത് വായകഴുകലായേക്കാം.

ഈ എല്ലാകാര്യങ്ങളും ശുചിത്വത്തോടൊപ്പം ആരോഗ്യ സംരക്ഷണത്തിനും അനിവാര്യമാണ്. വെള്ളം കൊണ്ട് മൂക്ക് വൃത്തിയാക്കാൻ ഇതിൽ കല്പിച്ചിരിക്കുന്നു. ഇത് ദിവസവും അഞ്ചുനേരം വുളു ചെയ്യുമ്പോഴാണ്. മൂക്കിൽ വെള്ളം കയറ്റി വൃത്തിയാക്കുകയാണെങ്കിൽ ഒരു പരിധിവരെ ജല ദോഷം തുടങ്ങിയവയിൽ നിന്നും രക്ഷപ്പെടാൻ കഴി യും. എന്നോട് ഒരാൾ പറയുകയുണ്ടായി. ജർമനി യിൽ അദ്ദേഹത്തിന് ജലദോഷം പിടിപ്പെട്ടു. അദ്ദേഹം ഡോക്ടറുടെ അടുക്കൽ പോയി. ഡോക്ടർ പറ ഞ്ഞു, നിങ്ങൾ മുസ്‌ലിംകളാണ്. അഞ്ചുനേരം മൂക്കിൽ വെള്ളംകയറ്റി വൃത്തിയാക്കേണ്ട രീതിയിൽ വൃത്തിയാക്കിയാൽ ഇത്തരം രോഗങ്ങളിൽ നിന്ന് മോചനം കിട്ടുന്നതാണ്. ഇതു ആ ഡോക്ടറിന്റെ ചിന്തയായിരിക്കാം. ഗവേഷണഫലമായിരിക്കാം. അല്ലെങ്കിൽ അതിനെക്കുറിച്ച് മറ്റെന്തെങ്കിലും ഗവേ ഷണം നടക്കുകയോ നടന്നുകഴിയുകയോ ചെയ്തി ട്ടുണ്ടാകാം. പക്ഷേ, എന്തായാലും നബി(സ) തിരു മേനി പറഞ്ഞതുകൊണ്ട് അതിൽ യാഥാർത്ഥ്യമുണ്ട്. അതിൽ ഫലമുണ്ട്. ഓരോരുത്തർക്കും മൂക്കിൽ ശക്തമായി വെള്ളം കയറ്റുക എന്നത് ദുഷ്ക്കരമാ യിരിക്കും ചിലപ്പോൾ അല്പം ബുദ്ധിമുട്ടും ഉണ്ടാ കും. എന്നാൽ, ഞാൻ പരീക്ഷിച്ചു നോക്കിയിട്ടുണ്ട്. ശരിയായ നിലയിൽ വെള്ളം കയറ്റി മൂക്ക് വൃത്തി യാക്കിയാൽ ജലദോഷത്തിന് വളരെ വ്യത്യാസം വരും.

പിന്നീട് വരുന്നത് നഖം മുറിക്കലാണ്. ആയി രക്കണക്കിന് അഴുക്കുകൾ നഖത്തിന്നടിയിൽ അടി യാറുണ്ട്. എന്നാൽ, ഇക്കാലത്ത് ചിലപുരുഷന്മാരിലും അധികം സ്ത്രീകളിലും നഖം നീട്ടിവളർത്തൽ ഫാഷ നായിത്തീർന്നിരിക്കുകയാണ്. അഴുക്കുണ്ടെന്നുള്ള ബോധംതന്നെ അവർക്കില്ല. എന്തായാലും നഖം മുറി ക്കാനും നബി(സ) കല്പിച്ചിട്ടുണ്ടെന്ന് എല്ലാവരും വ്യക്തമായും മനസ്സിലാക്കിയിരിക്കേണ്ടതാണ്. നഖം നീട്ടിവളർത്തുന്നതുകൊണ്ട് ദോഷമേയുള്ളു. ഗുണ മൊന്നുമില്ല.

ജമാഅത്തിന്റെ കെട്ടിടങ്ങളെ വൃത്തിയാക്കി സൂക്ഷിക്കുക എന്നത് വളരെ പ്രധാനപ്പെട്ടകാര്യമാ ണ്. ഇതിനെകുറിച്ച് ഞാൻ മുമ്പേ പറഞ്ഞതാണ്. കൃത്യമായ ഏർപ്പാടുകൾ ഇതിനുണ്ടാകണം. ഖുദ്ദാ മുൽ അഹ്മദിയ്യ ഇതിനായി വഖാറെ അമൽ ചെയ്യേ ണ്ടതാണ്. കെട്ടിടത്തിന്റെ ഉള്ളിലാണെങ്കിൽ ലജ്നയും ഇതിൽ പങ്കെടുക്കണം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കെട്ടിടം പള്ളികളാണ്. പള്ളിപരിസരവും ചെടികളും പുഷ്പങ്ങളും കൊണ്ട് മനോഹരമാക്കി വയ്ക്കേണ്ടതാണ്. അതിനോടൊപ്പം പള്ളിയ്ക്കു ള്ളിലെ ശുചീകരണവും പ്രത്യേകം ശ്രദ്ധിക്കണം. കുറച്ചുവർഷം മുമ്പേ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഇതു സംബന്ധമായി വിശ ദീകരിച്ച് ഒരു ഖുത്ബ നല്കുകയുണ്ടായി. കുറച്ചു കാലം അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. പിന്നീട് പതുക്കെ പതുക്കെ അതിലേക്കുള്ള ശ്രദ്ധ കുറഞ്ഞുപോയി. പ്രത്യേകിച്ച് പാക്കിസ്ഥാൻ തുട ങ്ങിയ സ്ഥലങ്ങളിൽ, ഇന്ത്യയിൽ.

പള്ളിയ്ക്കുള്ളിൽ വിരിച്ചിട്ടുള്ള പായകൾ നീക്കി വൃത്തിയാക്കേണ്ടതാണ്. ഭിത്തികളിൽ മാറാമ്പല ഉണ്ടാകും. അത് വൃത്തിയാക്കുക. ഫാനിൽ

പിടിച്ചിരിക്കുന്ന മണ്ണും പൊടിയും വൃത്തിയാക്കുക. ഒരാൾ പള്ളിയിൽ കടന്നാൽ, അവിടെ നല്ല വൃത്തി യുള്ളതായി അയാൾക്ക് അനുഭവപ്പെടണം. മറ്റു സ്ഥലങ്ങളിൽ നിന്ന് വ്യത്യസ്തമായ സ്ഥലത്തെത്തി യിരിക്കുന്നുവെന്ന് അയാൾക്ക് തോന്നണം. പരവ താനിവിരിച്ചിട്ടുണ്ടെങ്കിൽ അവിടെയും ശുചിത്വം ശ്രദ്ധിക്കണം. ദീർഘകാലം വെടിപ്പാക്കാതിരുന്നാൽ പൊടിയും മണ്ണും പിടിച്ച് അതിൽ നിന്ന് നാറ്റ മുണ്ടാകാൻ തുടങ്ങും. ജുമുഅ ദിവസം എന്താ യാലും ശുചീകരണം നടത്തേണ്ടതുതന്നെയാണ്. സുഗന്ധദ്രവ്യങ്ങൾ പുകച്ച് അന്തരീക്ഷത്തേയും ശുദ്ധീകരിക്കേണ്ടതാണ്. അതിനും മുടങ്ങാതെയുള്ള ഏർപ്പാടുണ്ടാകണം.

ചിലയിടങ്ങളിൽ ചിലർ ചന്ദനത്തിരികത്തി ക്കാറുണ്ട്. ചിലപ്പോൾ അതുകൊണ്ട് നഷ്ടവുമുണ്ടാ കുന്നു. കത്തിച്ച് വെച്ചിട്ട് പൊയ്ക്കളയും. അങ്ങനെ പാക്കിസ്ഥാനിലെ ഒരു പള്ളിയിൽ തീപിടിച്ചു. അങ്ങനെ നഷ്ടവും സംഭവിച്ചു. ആളുണ്ടെങ്കിൽ മാത്രമേ ഇത്തരം വസ്തുക്കൾ പുകയ്ക്കാവൂ. ചില ചന്ദനത്തിരികളിൽ നിന്നുണ്ടാകുന്ന രൂക്ഷമായമണം ചിലർക്ക് ബുദ്ധിമുട്ടുണ്ടാക്കും. മിക്കവർക്കും തല വേദനയുണ്ടാക്കും. ആർക്കും ബുദ്ധിമുട്ടുണ്ടാ ക്കാത്ത നിലയിലുള്ള മിതമായ സുഗന്ധം പരത്തുന്ന വസ്തുക്കളെ പുകയ്ക്കാൻ പാടുള്ളൂ.

നബി(സ) തിരുമേനി മുസ്ലിംകളോടു പറഞ്ഞുകൊണ്ടിരുന്നതായി ഒരു ഹദീസിൽ വന്നിരി ക്കുന്നു: "പ്രത്യേകിച്ച് ആൾകൂടുന്ന ദിനങ്ങളിൽ പള്ളി യുടെ ശുദ്ധീകരണം ശ്രദ്ധിക്കേണ്ടതാണ്. അതിൽ സുഗന്ധം പുകയ്ക്കുക, അന്തരീക്ഷം ശുദ്ധമായിരി ക്കുന്നതിനുവേണ്ടി."

മറ്റൊരു നിവേദനത്തിൽ സ്വഹാബത്തിനെ അവിടന്ന് എപ്പോഴും ഇങ്ങനെ ഉപദേശിക്കാറുണ്ടാ യിരുന്നുവെന്ന് വന്നിരിക്കുന്നു. ആളുകൾ കൂടുന്ന അവസരത്തിൽ ദുർഗന്ധമുള്ള വസ്തുക്കൾ തിന്നു കൊണ്ട് പള്ളിയിൽ വരാതിരിക്കുക. ഉള്ളി, വെളുതുള്ളി തുടങ്ങിയ വസ്തു തിന്നുകൊണ്ട് പള്ളി യിൽ വരാൻ പാടില്ല. ചിലരുടെ കാലുറകളിൽ നിന്നും നാറ്റം ഉണ്ടാകും. ദിവസങ്ങളായിട്ടുണ്ടാകും അത് കഴു കിയിട്ട് അത്തരം കാലുറകൾ ധരിച്ചുകൊണ്ടും വരാ തിരിക്കേണ്ടതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു. ***വർറുജ്സ ഫഹ്ജുർ***. അതായത് എല്ലാ മാലിന്യങ്ങളിൽ നിന്നും അകന്നിരിക്കുക. ഈ കല്പന മനുഷ്യൻ ആരോഗ്യസംരക്ഷണത്തിനായി, ശാരീരിക അസുഖങ്ങളിൽ നിന്ന് തന്നത്താൻ രക്ഷിക്കുന്നതി നുവേണ്ടിയാണ്. അതായത് ശാരീരികമായ ബലാക ളിൽ നിന്ന് മനുഷ്യൻ തന്നത്താൻ രക്ഷിക്കുക. ക്രിസ്ത്യാനികളുടെ ഒരാക്ഷേപമുണ്ട്. ഖുർആൻ പറ യുന്നു: "നിങ്ങൾ കുളിച്ച് നിങ്ങളുടെ ശരീരത്തെ ശുദ്ധമാക്കിവെക്കുക. ബ്രഷ് ചെയ്യുക, പല്ലുകുത്തി അഴുക്ക് കളയുക. ശാരീരികമായ എല്ലാ മാലിന്യങ്ങ ളിൽ നിന്നും സ്വയം തന്നെയും വീടിനെയും രക്ഷി ക്കുക. ദുർഗന്ധങ്ങളിൽ നിന്ന് അകന്നിരിക്കുക. ശവവും ചീത്തവസ്തുക്കളും തിന്നരുത്." ഇതൊന്നും തങ്ങൾക്ക് മനസ്സിലാകുന്നില്ലെന്നാണ് അവർ ആക്ഷേപിക്കുന്നത്. ഇതിനുള്ള മറുപടി, ഖുർ ആൻ അക്കാലത്തെ അറബികളെ ആ രീതിയിലാണ് കണ്ടത് എന്നാകുന്നു. ആത്മീയമായ നിലയിൽ മാത്ര മായിരുന്നില്ല അവർ അപകടത്തിലായിരുന്നത് ഭൗതി കമായ രീതിയിലും അവരുടെ ആരോഗ്യം അപകട ത്തിലായിരുന്നു.

ഭൗതികമായ പരിശുദ്ധി ഇവിടെ യൂറോപ്യ ന്മാരിലും വളരെ കുറവാണ്. ആരോഗ്യസംരക്ഷണ ത്തിനുള്ള നിയമങ്ങൾ പറഞ്ഞുകൊണ്ട് ഖുർആൻ മുഴുലോകത്തോടും ഔദാര്യം ചെയ്തിരിക്കുകയാ ണ്. എത്രത്തോളമെന്നാൽ അതുപറഞ്ഞു. ***കുലൂ വശ്റബൂ വലാ തുസ്രിഫൂ.*** "നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ അമി തത്വം കാണിക്കരുത്." അതായത് ആവശ്യത്തിന് അളവനുസരിച്ച് കഴിക്കുക. അമിതത്വം അരുത്. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ! പാതിരി ഇക്കാര്യം അറിയുന്നില്ല. ആരാണോ ഭൗതികമായ പരിശുദ്ധി പൂർണ്ണമായും വർജിക്കുന്നത് അവൻ പതുക്കെ പതുക്കെ മൃഗാവസ്ഥയിലേക്ക് വീണ് ആത്മീയ പരി ശുദ്ധിയിൽനിന്നും പിന്തള്ളപ്പെടുന്നതാണ്. ഉദാഹര ണത്തിന്, പല്ലിനിടയിൽ കയറുന്ന അഴുക്കുകൾ കുത്തിക്കളയുന്നത് കുറച്ചുദിവസം നിറുത്തിവച്ചാൽ, അതിൽനിന്ന് ചീഞ്ഞളിഞ്ഞ ശവത്തിന്റെ നാറ്റമു ണ്ടാകും. അവസാനം പല്ല് നാശമാകും. അതിന്റെ വിഷാംശം വയറ്റിൽ ചെന്ന് അതും കുഴപ്പത്തിലാ കും. സ്വയം ചിന്തിച്ചുനോക്കുക. പല്ലിന്നിടയിൽ ഇറ ച്ചിയുടെ അംശമോ മറ്റോ കയറിയിരുന്നാൽ, അതു അപ്പോൾ തന്നെ കുത്തികളയുന്നില്ലെങ്കിൽ, ഒരു രാത്രി മാത്രം അതവിടെ ഇരുന്നാൽ വലിയ ദുർഗന്ധം ഉണ്ടാകും. എലി ചത്തളിഞ്ഞതുപോലുള്ള നാറ്റമാ യിരിക്കും അതിൽ നിന്നുണ്ടാകുക. പ്രത്യക്ഷവും ഭൗതികവുമായ ശുചീകരണത്തിന് ആക്ഷേപം ഉന്ന യിക്കുന്നത് എത്ര വലിയ അജ്ഞതയാണ്. ശാരീരി കമായ ശുചീകരണം നടത്തേണ്ടന്ന് പഠിപ്പിക്കുന്നത് എത്രമാത്രം വലിയ വിഡ്ഢിത്തമാണ്. പല്ലുകുത്തി അഴു ക്കെടുത്ത് കളയരുത്. കുളിച്ച് ശരീരത്തിൽ നിന്ന് അഴുക്കുനീക്കരുത്. മലമൂത്രവിസർജനം ചെയ്താൽ ശുദ്ധീകരിക്കരുത്. ഇതൊന്നും നിങ്ങൾ ചെയ്യേണ്ട. നിങ്ങൾ ആത്മീയമായ പരിശുദ്ധിമാത്രം മതി എന്നു പറയുന്നതെങ്ങനെ. നമ്മുടെ അനുഭവം തന്നെ നമ്മ ളോടു പറയുന്നു, എപ്രകാരം ആത്മീയപരിശുദ്ധിയ്ക്ക് ആത്മീയാരോഗ്യം ആവശ്യമാണോ അപ്രകാരം തന്നെ ശാരീരികാരോഗ്യത്തിന് ശാരീരികമായ പരി ശുദ്ധിയും ആവശ്യമാണ്. എന്നല്ല സത്യം പറഞ്ഞാൽ, നമ്മുടെ ശാരീരികമായ പരിശുദ്ധിയ്ക്ക് നമ്മുടെ

ആത്മീയമായ പരിശുദ്ധിയുമായി ഒരുപാട് ബന്ധമുണ്ട്. കാരണം നാം ശാരീരികമായ പരിശുദ്ധി ഉപേക്ഷിച്ചുകൊണ്ട് അപകടകരമായ രോഗങ്ങൾക്ക് അടിപ്പെടുമ്പോൾ, നമ്മുടെ മതപരമായ നിർബന്ധകാര്യങ്ങളേയും അതു ബാധിക്കുന്നു. നാം രോഗികളായിക്കൊണ്ട് ദീനീപരമായി ഒരു സേവനവും ചെയ്യാൻ പറ്റാത്തവരായിത്തീരുന്നു. അല്ലെങ്കിൽ കുറച്ചുദിവസത്തെ ദുഃഖത്തിനുശേഷം ഈ ലോകത്തിൽനിന്ന് വിടപറയുന്നു. മനുഷ്യകുലത്തിന് സേവനം ചെയ്യുന്നതിനുപകരം സ്വന്തം ശാരീരികമായ അശുദ്ധി കൊണ്ടും, ശാരീരികമായ ആരോഗ്യം നിലനിർത്തുന്നതിനുള്ള നിയമങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ടും മറ്റും ഇവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നവരായിത്തീരുന്നു. അവസാനം നമ്മുടെ കൈകൊണ്ടു നാം സ്വന്തം ഇടുന്ന ഈ അശുദ്ധിയുടെ ഭാണ്ഡം പകർച്ചവ്യാധിയുടെ രൂപത്തിൽ മുഴുരാജ്യത്തേയും തിന്നാൻതുടങ്ങുന്നു. ഈ എല്ലാ നാശത്തിനും കാരണം നാം തന്നെയായിരിക്കും. കാരണം നാം ബാഹ്യമായ ശുദ്ധിയെ ഗൗനിച്ചില്ല. ഖുർആനിക നിയമങ്ങൾ ഉപേക്ഷിച്ചതുകൊണ്ടും ഖുർആനിന്റെ വസിയ്യത്തുകളെ അവഗണിച്ചതുകൊണ്ടും എന്തെന്തെല്ലാം നാശങ്ങളാണ് മനുഷ്യനുമേൽ ഉണ്ടായതെന്ന് നോക്കുക. മാലിന്യങ്ങളിൽ നിന്നു വിട്ടുനിൽക്കാത്ത അത്തരം സൂക്ഷ്മതയില്ലാത്ത ആളുകൾ ദുർഗ്ഗന്ധത്തെ തങ്ങളുടെ വീടുകളിൽ നിന്നും ഇടവഴികളിൽ നിന്നും വസ്ത്രങ്ങളിൽ നിന്നും വായകളിൽ നിന്നും അകറ്റുന്നില്ല. അവർ മധ്യനിലകൈക്കൊള്ളാത്ത കാരണത്താൽ മനുഷ്യകുലം മുഴുവനും അപകടത്തിൽപ്പെടുന്നു. പകർച്ചവ്യാധികൾ പൊട്ടിപുറപ്പെടുന്നു. മരണങ്ങൾ ഉണ്ടാകുന്നു. ജനങ്ങളുടെ സ്വസ്ഥത നഷ്ടപ്പെടുന്നു. എത്രത്തോളമെന്നാൽ, രോഗത്തെ ഭയന്നുകൊണ്ട് അവർ സമ്പാദിച്ച തങ്ങളുടെ വീടും സ്വത്തും എന്നുവേണ്ട എല്ലാം ഉപേക്ഷിച്ചുകൊണ്ട് മറുനാട്ടിലേക്കോടുന്നു. ഉമ്മമാരെ കുട്ടികളിൽ നിന്നും കുട്ടികളെ ഉമ്മമാരിൽ നിന്നും വേർപ്പെടുത്തുന്നു. ഈ നാശം നരകത്തിന്റെ അഗ്നിയേക്കാൾ കുറച്ചുകുറഞ്ഞതാണോ? ഭൗതികമായ പരിശുദ്ധിയിലുള്ള അശ്രദ്ധ പകർച്ചവ്യാധികളുണ്ടാകാൻ സഹായിക്കുമോ ഇല്ലേയെന്ന് വൈദ്യന്മാരോട് അന്വേഷിച്ചുനോക്കുക. ഡോക്ടർമാരോട് ചോദിച്ചുനോക്കുക. ഖുർആൻ എന്ത് തെറ്റാണ് ചെയ്തത്? ആദ്യം തന്നെ ശരീരവും വീടും വസ്ത്രവും വൃത്തിയാക്കി വയ്ക്കണമെന്ന് ശക്തിയായിപറഞ്ഞുകൊണ്ട്, ഈ ലോകത്ത് തളർവാദം പിടിപ്പെട്ടവനെ പോലെ ക്ഷണത്തിൽ വീഴുകയും അതോടെ പരലോകത്ത് എത്തിക്കുകയും ചെയ്യുന്ന ആ നരകത്തിൽ നിന്ന് മനുഷ്യനെ രക്ഷിക്കാൻ ആഗ്രഹിച്ചു.

അല്ലാഹു തആല നമുക്കു ബാഹ്യവും ആന്തരികവുമായ ശുചുത്വത്തിലേക്ക് ശ്രദ്ധിക്കാനും അല്ലാഹുവിന്റെ കല്പനകൾക്ക് വിധേയരായിക്കൊണ്ട് ജീവിക്കാനും നമുക്കു തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

JUMAKHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 23 - 04 - 2004 at Baithul Futhuh, London

Translated by :
Moulavi. Muhammad Ismail. H.A

*Type Set & Layout* : **Majlis Khuddamul Ahmadiyya, Kakkanad.**
*Published by* : **Majlis Khuddamul Ahmadiyya, Kerala**